## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .2160 — 10/10/2011 -ൽ മറുപടിയ്ക്ക്

### മലബാർ ജലസേചന പാക്കേജ്

**ചോദ്യം**

ശ്രീ. റ്റി.എ.അഹമ്മദ് കബീർ
ശ്രീ. കെ.എം.ഷാജി
ശ്രീ. കെ.എൻ.എ.ഖാദർ
ശ്രീ. പി .ഉബൈദുള്ള

**മറുപടി**

ശ്രീ. പി .ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

എ) മലബാർ ജലസേചന പാക്കേജിന്റെ ഭാഗമായി ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

എ) ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും)ന്റെ കീഴിൽ മലബാർ ജലസേചന പാക്കേജിലുൾപ്പെടുത്തി 209 ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾക്കും, ചെക്ക് ഡാം, റഗുലേറ്റർ, വിസിബി, എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപണികൾ എന്നീ 209 പ്രവൃത്തികൾക്കും, കുറ്റ്യാടി ജലസേചന പദ്ധതിയുടെ ആധുനികവൽക്കരണത്തിനും, പുനരുദ്ധാരണത്തിനുമായി 203 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ, പ്രോജക്ട് -1 ന്റെ കീഴിലുള്ള കുറ്റ്യാടി ജലസേചന പദ്ധതിയിൽ മലബാർ ഇറിഗേഷൻ പാക്കേജിന്റെ ഭാഗമായി കനാലുകളുടെ ചോർച്ച തടയുന്നതിനുള്ള പ്രവൃത്തികളും കനാലുകളുടെ മറ്റ് അറ്റകുറ്റ പ്രവൃത്തികളും നടന്നു വരുന്നു.

ചീഫ് എഞ്ചിനീയർ, പ്രോജക്ട് -2 ന്റെ കീഴിൽ മലബാർ ഇറിഗേഷൻ പാക്കേജിന്റെ ഭാഗമായി 41 പണികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ കോൾ പാടങ്ങളുടെ ഉദ്ധാരണത്തിനുതകുംവിധം ചിറകളുടെ പുനരുദ്ധാരണ പണികളും റഗുലേറ്ററുകളുടെ പുനരുദ്ധാരണ

| | | |
|---|---|---|
| | | പണികളും, പുതിയ ചിറകളുടെ നിർമ്മാണവും മറ്റുമാണ് നടപ്പാക്കുന്ന പദ്ധതികൾ. കോൾ പാടങ്ങൾക്ക് ആവശ്യാനുസരണം ജല ലഭ്യത ഉറപ്പ് വരുത്തുകയും, ഓരു വെള്ള നിയന്ത്രണവും ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| ബി) | അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ; | ബി) ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും)ന്റെ കീഴിൽ മലബാർ ജലസേചന പാക്കേജിലുൾപ്പെടുത്തി വടക്കൻ ജില്ലകൾക്കായി അനുമതി നൽകിയ 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ 2 പദ്ധതികൾ ഉപേക്ഷിക്കുകയും ബാക്കിയുള്ളതിൽ 204 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ഈ പ്രവൃത്തികളെല്ലാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ആധുനികവൽക്കരണത്തിനും, പുനരുദ്ധാരണത്തിനുമായി ഭരണാനുമതി ലഭിച്ച 203 പ്രവൃത്തികളിൽ 172 പ്രവൃത്തികൾ ആരംഭിക്കുകയും അതിൽ 107 എണ്ണം പൂർത്തിയാക്കുകയും ചെയ്തു. ബാക്കി 65 പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, വി..സി..ബികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഭരണാനുമതി ലഭിച്ച 209 പ്രവൃത്തികളിൽ 104 എണ്ണം പൂർത്തിയാക്കുകയും 59 എണ്ണം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ബാക്കി പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ടെണ്ടർ ചെയ്യാൻ സാധിച്ചിട്ടില്ല.<br>ചീഫ് എഞ്ചിനീയർ, പ്രോജക്ട് -1 ന്റെ കീഴിൽ രണ്ട് ഘട്ടങ്ങളിലായി 35 കോടി രൂപ അനുവദിച്ചതുപയോഗിച്ച് 203 പ്രവൃത്തികളായിട്ടാണ് അറേഞ്ച് ചെയ്തത്. അതിൽ 107 പ്രവൃത്തികൾ പൂർത്തിയായി. മറ്റു പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2 ന്റെ കീഴിലുള്ള 41 പണികളിൽ 7 പണികളുടെ ഇൻവെസ്റ്റിഗേഷൻ പണികൾ പൂർത്തിയായി. ആയതിന്റെ Structural design പണികൾ വകുപ്പിന്റെ രൂപകല്പനാവിഭാഗമായ ഐ.ഡി.ആർ.ബിയിൽ നടന്നു വരുന്നു. 24 പണികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 10 പണികൾ എഗ്രിമെന്റ് വച്ച് വിവിധ ഘട്ടങ്ങളായി പണികൾ പുരോഗമിച്ചു വരുന്നു.

സി) ഇതേവരെ എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

സി) ചീഫ് എഞ്ചിനീയർ, (ജലസേചനവും ഭരണവും) കീഴിൽ മലബാർ ജലസേചന പാക്കേജിൽ പദ്ധതികൾക്കായി നാലു കണക്കിനങ്ങളിലായി 5,037,87,346/ രൂപ 31/08/2011 - വരെ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ **അനുബന്ധം- 1 ൽ ചേർത്തിരിക്കുന്നു.**

ചീഫ് എഞ്ചിനീയർ, പ്രോജക്ട് -1 ന്റെ കീഴിൽ ഇതിനായി ഇതുവരെ 15,99,60,497/ രൂപ ചെലവഴിച്ചു.

ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2 ന്റെ കീഴിൽ 1,90,24,294/ (ഒരു കോടി തൊണ്ണൂറ് ലക്ഷത്തി ഇരുപത്തി നാലായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി നാല് രൂപ) ചെലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| കണക്കിനം | തുക | |
|---|---|---|
| ഹെഡ് ഓഫ് അക്കൗണ്ട് | വർഷം (2010-2011) | വർഷം (2011-2012) |
| 1) 4711 - 01 -103 -93 | 105887845 | 43286749 |
| 2) 4711 - 01 -103 -92 | 70724880 | 89235617 |
| 3) 4702- 00 -101 -89 Revamping of LI scheme | 17143797 | 23240585 |
| 4) 4702 -00 -101 -88 -Spl Package of Ekm. | 85952828 | 68315045 |
| | 2,797,09,350 | 2,240,77,996 |